(ബി) ചേർപ്പ് ബ്ലോക്കിലെ ഒരു പ്രവൃത്തി ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അന്തിക്കാട് ബ്ലോക്കിൽ ആർ.ഐ.ഡി.എഫിൽ പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല.

(സി) ശാസ്താംകടവ്-മനക്കൊടി റോഡിന്റെ നിർമ്മാണത്തിനിടയ്ക്ക് ഭൂമി ഇടിഞ്ഞ് താഴേയ്ക്കിരിക്കുകയുണ്ടായി. അതേത്തുടർന്ന് ആർ.ഐ.ഡി.എഫ്. പ്രവൃത്തികളുടെ ഗുണനിലവാരനിയന്ത്രണ ഏജൻസിയായ എൽ.ബി.എസ്സിന്റെ നിർദ്ദേശാനുസരണം ടി പ്രവൃത്തി നിർത്തിവെയ്ക്കുകയാണുണ്ടായത്.

(ഡി) 50.89 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) ഈ കാര്യം പരിശോധിക്കുന്നതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

30(1504) ശ്രീ. ബി. വിജയകുമാർ:

ശ്രീ. ലൂഡി ലൂയിസ്:

പ്രൊഫ. കെ. വി. തോമസ് :

ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നടപ്പാക്കുന്നതിന് സംസ്ഥാനത്തെ ഏതെല്ലാം ജില്ലകൾ തെരഞ്ഞെടുക്കപ്പെട്ടു;

(ബി) പ്രസ്തുത ജില്ലകളിലായി എത്ര സ്ത്രീ-പുരുഷൻമാർക്ക് ഈ നിയമം അനുസരിച്ച് ഇതുവരെ തൊഴിൽ നൽകി.

(സി) തൊഴിൽ നൽകാതിരുന്ന എത്ര ദിവസത്തേക്ക് ഇവർക്ക് തൊഴിലില്ലായ്മവേതനം നൽകി;

(ഡി) സംസ്ഥാനത്ത് തൊഴിലുറപ്പ് കൗൺസിലുകൾ രൂപീകരിച്ചുവോ;

(ഇ) എങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാമെന്ന് പറയുമോ?

ഉത്തരം

(എ) വയനാട്, പാലക്കാട് എന്നീ ജില്ലകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഉദ്ഘാടനം 2-2-2006-ലാണ് നടന്നത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടിയായി രജിസ്ട്രേഷൻ നടന്നുവരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി, ഇ) സംസ്ഥാന കൗൺസിൽ രൂപവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൊഴിലുറപ്പ് പദ്ധതികൾ

31(1505) പ്രൊഫ. എ. ഡി. മുസ്തഫ:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതികൾ നടപ്പാക്കി;

(ബി) എത്ര പേർക്ക് ഇതുകൊണ്ടുള്ള ഗുണം ലഭിച്ചു;

(സി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്ത് നൽകപ്പെടുന്ന കുറഞ്ഞ കൂലി എത്രയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പാലക്കാട്, വയനാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഈ ജില്ലകളിൽ തൊഴിൽ ഉറപ്പു പദ്ധതിയുടെ ഉദ്ഘാടനം 2-2-2006-ലാണ് നടന്നത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടിയായി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടന്നുവരുന്നു.

(സി) സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ച കർഷക തൊഴിലാളികൾക്കുള്ള മിനിമം കൂലിയാണ് ഈ പദ്ധതിക്ക് നൽകുന്നത്.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം

32(1506) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് തുടങ്ങിയത്; ഇനി ഏതൊക്കെ ജില്ലകളിലാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(ബി) ഏതൊക്കെ ജില്ലകളിൽ പ്രാരംഭഘട്ട നടപടികളായി; അവ എന്തൊക്കെ;

(സി) ഈ പദ്ധതിയുടെ മേൽനോട്ടത്തിനായി ഗ്രാമവികസന വകുപ്പിൽ പുതിയ തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly